**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **18-09-2025 - ൽ മറുപടിയ്ക്ക്**

**പിന്നോക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദേശ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടാത്ത മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്തോ രാജ്യത്തിന് പുറത്തോ പോയി പഠിക്കുന്നതിന് എന്തെങ്കിലും സ്കീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയും, സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ മെറിറ്റ്/ റിസർവേഷൻ പ്രകാരം ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം ലഭിച്ച ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് PM-YASASVI Postmatric Scholarship പദ്ധതിയും നടപ്പാക്കുന്നുണ്ട്. ടി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2021 മുതൽ എത്ര വിദ്യാർത്ഥികൾക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | 2021 മുതൽ വിദേശ പഠനത്തിനുള്ള ധനസഹായം 55 കുട്ടികൾക്കും സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന 9595 വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (സി) | പുതുതായി ഈ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ വിജ്ഞാപനവും കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾക്കുള്ള ധനസഹായം അനുവദിക്കുന്ന പോസ്റ്റ്മെട്രിക് പദ്ധതികളുടെ സർക്കുലറുകളും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഈ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഈ സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ വിജ്ഞാപനവും കേരളത്തിന് പുറത്ത് പഠിക്കുന്ന കുട്ടികൾക്കുള്ള ധനസഹായം അനുവദിക്കുന്ന പോസ്റ്റ്മെട്രിക് പദ്ധതികളുടെ സർക്കുലറുകളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ